**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - വള്ളിക്കുന്ന് നിയോജക മണ്ഡലം - തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത് - ബസ് സ്റ്റാന്റ് നിർമ്മാണം തേഞ്ഞിപ്പാലം എന്ന പ്രവൃത്തി- ഭരണാനുമതി റദ്ദുചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2807/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 02.11.2018**

==========================================================

**പരാമർശം:-** 1. 24.06.2015 ലെ സ ഉ (സാധാ) 1916/15/തസ്വഭവ നമ്പർ ഉത്തരവ്

2. ശ്രീ.അബ്ദുൽ ഹമീദ് എം.എൽ.എ (വള്ളിക്കുന്ന്) യുടെ 25.07.2018 ലെ കത്ത്.

ബഹു.വള്ളിക്കുന്ന് എം.എൽ.എ യുടെ 2014-15 വർഷത്തെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വള്ളിക്കുന്ന് നിയോജക മണ്ഡലം തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത് ബസ് സ്റ്റാന്റ് നിർമ്മാണം തേഞ്ഞിപ്പാലം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പദ്ധതിയ്ക്കുവേണ്ടി കണ്ടെത്തിയ സ്ഥലം ദേശീയപാത 66 വികസിപ്പിക്കുന്നതിനുവേണ്ടി ഏറ്റെടുത്തതിനാൽ ടി പ്രവൃത്തിയ്ക്ക് നല്കിയിരുന്ന ഭരണാനുമതി റദ്ദ് ചെയ്ത് പകരം ടി മണ്ഡലത്തിലെ 5 സ്ഥലങ്ങളിൽ ബസ് സ്റ്റോപ്പ് നിർമ്മാണം എന്ന പ്രവർത്തിക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ശ്രീ.അബ്ദുൽ ഹമീദ് എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.വള്ളിക്കുന്ന് എം.എൽ.എ യുടെ 2014-15 വർഷത്തെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് വള്ളിക്കുന്ന് നിയോജക മണ്ഡലം തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത് ബസ് സ്റ്റാന്റ് നിർമ്മാണം തേഞ്ഞിപ്പാലം എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം നല്കിയിരുന്ന 50 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

3. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി, തിരൂരങ്ങാടി ബ്ളോക്ക് പഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അ.നം. 29/NC-C1/2018/Fin തീയതി 18/09/2018 )
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ് (ഡി.ബി.2/326/2018/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ